## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2437** **27-02-2023 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത് 01/07/2017 മുതലാണ്. |
| (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ.ഉ (എം.എസ്) നം. 55/2022/TAXES തീയതി 02/08/2022, സ.ഉ (എം.എസ്) നം. 106/2022/ ടാക്സസ് തീയതി 29/12/2022 പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വകുപ്പിൽ ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ; പുനഃസംഘടന പൂർത്തിയാകുന്നതോടെ നികുതി ദായകർക്കായുള്ള നടപടിക്രമങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുമോ; വിശദാംശം അറിയിക്കുമോ; | (സി) | രാജ്യത്ത് ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് നികുതി സംവർധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാന മാർഗ്ഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനക്കുള്ള നടപടികൾ ആരംഭിക്കുന്നത്. ജി.എസ്.ടി നിയമത്തിനനുസരിച്ച് വകുപ്പിന്റെ പുനഃസംഘടന നടത്തേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ടാണ് വകുപ്പ് പുനഃസംഘടനക്കായിട്ടുള്ള ഉന്നതതല കമ്മിറ്റി 2018 ൽ രൂപീകരിച്ചിട്ടുള്ളത്. ജി.എസ്.ടി നിയമത്തിനനുസൃതമായ രീതിയിൽ വകുപ്പിന്റെ ഘടന രൂപീകരണത്തിനും ജീവനക്കാരുടെ വിന്യാസത്തിനും ജി.എസ്.ടി നിയമപ്രകാരമുള്ള പുതിയ ചുമതലകൾ ജി.എസ്.ടി കൗൺസിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ശുപാർശകൾക്കനുസരിച്ച് നിർവചിക്കുന്നതിനും ദീർഘവും വിശദവും ആയ ചർച്ചകൾ ആവശ്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് |

<table>
<tr><td></td><td></td><td></td><td>ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിലേക്കും വേണ്ടി വിഭാവനം ചെയ്തു കൊണ്ടുള്ള സമഗ്രമായ ഒരു പുനഃസംഘടന നിർദ്ദേശമാണ് തയ്യാറാക്കിയിട്ടുള്ളത്.<br><br>വിശദമായ ശുപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആണ് സ.ഉ.(എം.എസ്) നം.55/2022/TAXES തീയതി 02/08/2022, സ.ഉ (എം.എസ്) നം. 106/2022/ടാക്സസ് തീയതി 29/12/2022 പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുപ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>ടാക്സ്പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആന്റ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ജി.എസ്.ടി സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു പുനഃസംഘടന വിഭാവനം ചെയ്തത് വഴി നിലവിലുള്ള സംവിധാനങ്ങൾ ജി.എസ്.ടി നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പ്രൊഫഷണലായ പരിശീലനം ജീവനക്കാർക്ക് നൽകിയും സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, കാര്യക്ഷമമായി നികുതി നിർവഹണം സാധ്യമാക്കുന്നതിനും കഴിയും.</td></tr>
<tr><td>(ഡി)</td><td>ജി.എസ്.ടി. വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി സർക്കാരിന് ഉണ്ടായിട്ടുള്ള ആകെ ചെലവ് എത്ര രൂപയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(ഡി)</td><td>ജി.എസ്.ടി വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി സർക്കാരിന് അധിക ചെലവ് ഉണ്ടായിട്ടില്ല.</td></tr>
<tr><td>(ഇ)</td><td>ജി.എസ്.ടി. വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ആകെ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് തസ്തികയുടെ പേര്, ഓരോ തസ്തികയിലെയും ശമ്പള നിരക്ക് ഉൾപ്പടെയുള്ള കണക്ക് ലഭ്യമാക്കുമോ?</td><td>(ഇ)</td><td>ജി.എസ്.ടി വകുപ്പിൽ പുനഃസംഘടനയുടെ ഭാഗമായി തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ 24 തസ്തിക അപ്ഗ്രേഡ് ചെയ്ത് ഡെപ്യൂട്ടി കമ്മീഷണർ തസ്തികകളും ഹെഡ് ക്ലാർക്ക്/ സീനിയർ ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് 380 അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br><table><tr><td>തസ്തിക</td><td>ശമ്പള നിരക്ക്</td></tr><tr><td>ഡെപ്യൂട്ടി കമ്മീഷണർ</td><td>63700 – 123700/-</td></tr><tr><td>അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ്</td><td>43400 –</td></tr></table></td></tr>
</table>

| | | | | |
|---|---|---|---|---|
| | | | ഓഫീസർ | 91200/- |

സെക്ഷൻ ഓഫീസർ